LIBRARY ARCHIVES Kerala Legislative Assembly

ലൈറ്റ് ഡ്യൂട്ടി വാഹന ഡ്രൈവർ തസ്തികയിലെ നിയമനം

49 [3427] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വകുപ്പുകളിലായി എത്ര ലൈറ്റ് ഡ്യൂട്ടി വാഹന ഡ്രൈവർമാരുടെ തസ്തികയാണുള്ളതെന്ന് വകുപ്പുതിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ തസ്തികകളിൽ ഇപ്പോൾ എത്ര പേരാണ് ജോലി നോക്കിവരുന്നതെന്നും ഇതിൽ സ്ഥിരം നിയമനം ലഭിച്ചവരും കരാർ അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നവരും എത്രയെന്ന് വകുപ്പു തിരിച്ച് നൽകാമോ;

(സി) കാസർഗോഡ് ജില്ലയിൽ ഇപ്പോൾ നിലവിലുള്ള വിവിധ വകുപ്പുകളിലെ ലൈറ്റ് ഡ്യൂട്ടി വാഹന ഡ്രൈവർ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നത്;

(ഡി) ഇതുവരെ എത്ര പേർക്ക് ഈ ലിസ്റ്റിൽ നിന്ന് നിയമനം നൽകിയിട്ടുണ്ട്;

(ഇ) പി. എസ്. സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നോ, കരാർ അടിസ്ഥാനത്തിലോ ജോലിക്കാരെ നിയോഗിക്കരുതെന്ന് നിയമമോ, കോടതി ഉത്തരവോ നിലവിലുണ്ടോ;

(എഫ്) എങ്കിൽ കാസർഗോഡ് ജില്ലയിലെ പല ഓഫീസുകളിലും ഡ്രൈവർ തസ്തികയിൽ ദിവസക്കൂലിക്കാരെ നിയമിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഈ ഓഫീസുകളിലെ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും പി. എസ്. സി. ലിസ്റ്റിൽ നിന്നും ആളുകളെ നിയമിക്കുന്നതിനായും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി, സി & ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പി. എസ്. സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നോ കരാർ അടിസ്ഥാനത്തിലോ ജോലിക്കാരെ നിയോഗിക്കരുതെന്ന് കാലാകാലങ്ങളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

(എഫ് & ജി) വിവരം ശേഖരിച്ചുവരുന്നു.